പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2239 — 10.10.2011- ലെ മറുപടി

## മലബാർ മേഖലയിലെ യാത്രാക്ലേശം

ചോദ്യം — ഉത്തരം

ശ്രീ. പി. ഉബൈദുള്ള

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | മലബാർ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി. എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | മലബാർ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം കി.മീ പ്രതി വരുമാനം 20 രൂപയ്ക്ക് താഴെയുള്ള ഷെഡ്യൂളുകൾ യാത്രക്കാർക്ക് പ്രയോജനപ്രദമാകത്തക്ക രീതിയിലും കെ.എസ്.ആർ.ടി.സി.ക്ക് ഗുണകരമാകത്തക്ക രീതിയിലും പുനഃക്രമീകരിച്ച് സർവ്വീസ് നടത്തിവരികയാണ്. |
| (ബി) | മലബാർ മേഖലയിൽ പൊതുവിലും മലപ്പുറം ജില്ലയിൽ പ്രത്യേകിച്ചും കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സർവ്വീസ് താരതമ്യേന കുറവാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലപ്പുറം ജില്ലയിലെ വിവിധ യൂണിറ്റുകളിലെ വരുമാനക്കുറവുള്ള ഷെഡ്യൂളുകൾ യാത്രക്കാർക്ക് പ്രയോജനപ്രദമാകത്തക്ക രീതിയിൽ പുനഃക്രമീകരിച്ചതിന് പുറമെ നിലമ്പൂർ യൂണിറ്റിൽ നിന്ന് 3 സർവ്വീസും പൊന്നാനിയിൽ നിന്ന് 3 സർവ്വീസും പെരിന്തൽമണ്ണ നിന്ന് രണ്ട് സർവ്വീസും പുതിയതായി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ ഇത് പരിഹരിക്കുന്നതിനും ഉൾപ്രദേശ റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതിനും കെ.എസ്.ആർ.ടി.സി മിനി ബസ്സുകൾ അനുവദിക്കുന്നകാര്യം പരിഗണിക്കുമോ ? | (സി) | മിനി ബസ്സുകൾ ലഭ്യമല്ലാത്തതിനാൽ ഉൾപ്രദേശങ്ങളിലെ റൂട്ടുകളിലേക്ക് ഷോർട്ട് വീൽ ബേസ്ഡ് ബസ്സുകൾ ഉപയോഗിച്ച് മാത്രമെ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുകയുള്ളു. എന്നാൽ ഷോർട്ട് വീൽ ബേസ്ഡ് ബസ്സുകളുടെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ പുതിയ സർവ്വീസുകൾ ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ